"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വടാശ്ശേരി ദേവസ്സിക്കുട്ടി എന്നയാളുടെ പട്ടയഭൂമിയിൽ നിന്നും തേക്കുമരങ്ങൾ മുറിക്കുന്നതിന് അനധികൃതമായി അനുമതി നൽകിയത് - ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.സി.ചന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ (റിട്ട.) എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt) No.210/2023/F&WLD തീയതി,തിരുവനന്തപുരം, 29-05-2023

പരാമർശം:-

1. വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 02.08.2018-ലെ വി.ഇ1-6653/18 നമ്പർ കത്ത്

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 24.03.2020-ലെ ബി4-50642/2018 നമ്പർ കത്ത്.

3. 13.08.2020-ലെ എ2/62/2019-വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും

4. 13.08.2020-ലെ എ2/62/2019-വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5. ശ്രീ.ബി.അശോക് രാജ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.സി.ചന്ദ്രൻ, റിട്ടയേർഡ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

6. 25.06.2022-ലെ സ.ഉ.(സാധാ. ) നമ്പർ 275/2022/വനം നമ്പർ ഉത്തരവ്.

7. അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എസ്.ഐ.പി തൃശ്ശൂരിന്റെ 30.01.2023 ലെ SIP-75/2022 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

8. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 22.03.2023-ലെ KFDHQ/237/2023-Admin/B4 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വടാശ്ശേരി ദേവസ്സിക്കുട്ടി എന്നയാളുടെ L A പട്ടയഭൂമിയിൽ നിന്നും തേക്കുമരങ്ങൾ മുറിക്കുവാൻ അനുമതി നൽകിയത് അനധികൃതമായാണെന്ന് എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ടെത്തിയിട്ടുണ്ട്. പരിയാരം റെയിഞ്ച് ഓഫീസിൽ നിന്നും

നൽകിയ കട്ടിംഗ് പെർമിറ്റിനായുള്ള അപേക്ഷകളിലെ രേഖകളിൽ ടി സ്ഥലങ്ങൾ റിസർവ്വ് വനഭൂമിയിൽ നിന്നും പതിച്ചുകൊടുത്ത L A പട്ടയഭൂമിയാണെന്ന് വ്യക്തമായി മനസ്സിലാക്കാമായിരുന്നിട്ടും ടി സ്ഥലങ്ങൾ Reserve Forest, Non Revirtable Forest, Land Assigned Pattayam, പുറമ്പോക്ക് എന്നിവയിൽപ്പെട്ടതല്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തുകയും ടി സ്ഥലങ്ങളിലെ മരങ്ങൾ മുറിയ്ക്കാൻ അനുവദിക്കണമെന്ന് പരിയാരം റെയിഞ്ച് ഓഫീസർക്ക് തെറ്റായ റിപ്പോർട്ട് നൽകുക വഴി ശ്രീ.എം.സി.ചന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അധികാര ദുർവിനിയോഗവും കൃത്യവിലോപവും നടത്തിയതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീബി.അശോക് രാജ് തന്റെ മുന്നിൽ ലഭിച്ച അപേക്ഷകളും, അനുബന്ധങ്ങളും കൃത്യമായി പരിശോധിക്കാതെ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കട്ടിംഗ് പെർമിറ്റ് നൽകുകയുണ്ടായി. ടി സ്ഥലം കൈവശ വനഭൂമിയ്ക്ക് പട്ടയം നൽകിയ സ്ഥലവും, പട്ടയ വ്യവസ്ഥകൾ പ്രകാരം ടി സ്ഥലത്ത് നിൽക്കുന്നതും ഭാവിയിൽ വളർന്നുവരാൻ സാദ്ധ്യതയുള്ളതുമായ മരങ്ങൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കപ്പെട്ടതുമാണെന്നിരിക്കെ 2006-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്ത് കട്ടിംഗ് പെർമിറ്റ് നൽകിയത് ശ്രീ.ബി.അശോക് രാജിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. അത് വഴി സർക്കാരിലേക്ക് നിക്ഷിപ്തമാക്കപ്പെട്ടതും ഭാവിയിൽ വളർന്ന് വരാൻ സാധ്യതയുള്ളതുമായ 2 3 മരങ്ങൾ മുറിക്കുവാൻ ഇടവരുത്തി ആയതിന്മേൽ 15831/-രൂപയുടെ സർക്കാർ നഷ്ടം ഉണ്ടായതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ) തുടർന്ന് ശ്രീ.ബി.അശോക് രാജിന് പരാമർശം ( 3 ) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി കൊണ്ടും ശ്രീ.എം . സി.ചന്ദ്രൻ 28.02.2018 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ പരാമർശം ( 4 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി കൊണ്ടും അച്ചടക്ക നടപടി ആരംഭിച്ചു. . ടിയാന്മാർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും പരിശോധിച്ച് കൂടുതൽ തെളിവു ഹാജരാക്കുന്നതിനും,നിരപരാധിത്വം തെളിയിക്കുന്നതിലേയ്ക്കുമായി ഈ വിഷയത്തിൽ പരാമർശം (6) പ്രകാരം ഔപചാരികാന്വേഷണത്തിനു ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

3) ഔപചാരികാന്വേഷണറിപ്പോർട്ട് പരിശോധിച്ചതിൽ പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴി പ്രകാരവും കുറ്റാരോപിതരായ വിരമിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.സി.ചന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീബി.അശോക് രാജ് എന്നിവരുടെ വിസ്താരമൊഴി പ്രകാരവും ടിയാന്മാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ നിന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും എൽ.എ. പട്ടയ ഭൂമിയിൽ നിന്നാണ് മരങ്ങൾ മുറിച്ചിട്ടുള്ളത് എന്ന് വ്യക്തമാണെന്നും ലാന്റ് അസൈൻമെൻറ് പട്ടയം പ്രകാരം പതിച്ചു നൽകിയ വനഭൂമിയിലെ മരങ്ങൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ടി സ്ഥലത്ത് നിന്ന മരങ്ങൾ കൈവശക്കാരനു മുറിക്കാൻ 2006-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം അനുമതി നൽകിയത് ക്രമവിരുദ്ധമാണെന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കപ്പെട്ട മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നൽകാവുന്നതാണെന്ന ശുപാർശ

നൽകിയിരിക്കുന്നത് വഴി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.സി.ചന്ദ്രൻ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നുവെന്നും ദീർഘ നാളത്തെ സർവ്വീസ് പരിചയം ഉള്ള ഉദ്യോഗസ്ഥനായിരിക്കെ വേണ്ടത്ര ജാഗ്രത ടി വിഷയത്തിൽ പുലർത്തുന്നതിന് പകരം തെറ്റായ വിവരങ്ങൾ നൽകി മേലുദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ പ്രവർത്തിച്ചത് ഗുരുതരമായ കൃത്യവിലോപമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടെന്നും അപേക്ഷകളും അനുബന്ധ രേഖകളും വേണ്ടത്ര സൂക്ഷ്മ പരിശോധന നടത്താതെയാണ് പരിയാരം റെയിഞ്ച് ഓഫീസർ ശ്രീ.ബി.അശോക് രാജ് കട്ടിംഗ് പെർമിഷൻ നൽകിയിട്ടുള്ളതെന്നും ടി കട്ടിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ മുറിച്ചിട്ടുള്ളതെന്നും മുറിച്ചിട്ട മരങ്ങൾ 2 വർഷങ്ങൾക്ക് ശേഷം 29.02.2020-ൽ ആണു സർക്കാർ ബന്തവസ്സിലെടുത്തിട്ടുള്ളത്. ആയതിനു കാലപഴക്കം മൂലം 15,831/- രൂപ സർക്കാർ നഷ്ടം സംഭവിച്ചിട്ടുള്ളതായും രേഖകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

4 ) വേണ്ടത്ര ജാഗ്രത പുലർത്താത്തതുമൂലം സർക്കാരിനു സാമ്പത്തിക നഷ്ടം വരുത്തിവച്ചതായും കാണുന്നുവെന്നും ഫീൽഡ് പരിശോധന നടത്താതെ എൽ.എ. പട്ടയ ഭൂമിയിൽ നിന്നിരുന്നതും സർക്കാർ നിക്ഷിപ്തവുമായ മരങ്ങൾ മുറിക്കാൻ അനുമതി നൽകിയത് 2006-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമ പ്രകാരം ക്രമവിരുദ്ധമാമാണെന്നും ആയത് വഴി ശ്രീ.ബി.അശോക് രാജ് ജോലിയിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നുവെന്നും വനവിസ്തൃതി കൂടിയതും ജനവാസമേഖലയുടെ ആധിക്യവും മരംമുറി, നായാട്ട് തുടങ്ങി വനകുറ്റകൃത്യങ്ങളുടെ എണ്ണം ഏറെയുള്ളതും മനുഷ്യ വന്യമൃഗ സംഘർഷം അതിരൂക്ഷമായി നിലനിൽക്കുന്നതും കാട്ടുതീയുടെ ഉപദ്രവം കൂടിനിൽക്കുന്നതുമായ പരിയാരം പോലൊരു റെയിഞ്ചിലെ റെയിഞ്ചാഫീസർക്ക് ടിയാന്റെ സഹപ്രവർത്തകരെ പൂർണ്ണമായും വിശ്വസിച്ചുകൊണ്ടുമാത്രമേ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോവുക സാധ്യമാകൂ എന്ന വസ്തുത അവഗണിക്കാവുന്നതല്ലെന്നും ശ്രീ.അശോക് രാജ് നൽകിയ കട്ടിംഗ് പെർമിറ്റുകൾ പിന്നീട് ടിയാൻ റദ്ദാക്കിയെങ്കിലും മുറിച്ചിട്ട മരങ്ങളുടെ തടികഷ്ണങ്ങൾ തദ്ദവസരത്തിൽ ബന്തവസ്സിലെടുക്കാനുള്ള ഉത്തരവാദിത്വം 28.02.2018-ൽ വിരമിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീഎം.സി.ചന്ദ്രനോ 17.07.2018 വരെ പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീഅശോക് രാജോ നിർവ്വഹിച്ചിട്ടില്ലാത്തതും 2 വർഷങ്ങൾക്കുശേഷം 29.02.2020-ലാണ് ടി കഷ്ണങ്ങൾ ബന്തവസ്സിൽ എടുത്തിട്ടുള്ളതും ടി കാലപ്പഴക്കം മൂലമാണ് 15,381/- രൂപ സർക്കാർ നഷ്ടം സംഭവിച്ചതെന്നും കണ്ടെത്തിയിട്ടുണ്ട്. ടിയാന്മാരോടൊപ്പം ജോലി ചെയ്തതോ ഇവർക്കു ശേഷം വന്നവരോ ടി തടികഷ്ണങ്ങൾ സർക്കാർ ബന്തവസ്സിലെടുക്കുന്നതിൽ വീഴ്ച വരുത്തിയത് എന്നുള്ള വസ്തുത പരിഗണിച്ചാൽ സർക്കാർ നഷ്ടോത്തരവാദിത്വം ടി രണ്ടുപേർക്കു മാത്രം നൽകുന്നത് ന്യായയുക്തമല്ലെന്നും ജാഗ്രത കുറവുമൂലം ശ്രീ.ബി.അശോക് രാജിന് സംഭവിച്ച പിഴവ് ഗുരുതരമായ വീഴ്ചയായി വിലയിരുത്താൻ സാധിക്കുകയില്ലെന്നും ഔപചാരികാന്വേഷണാധികാരി പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

5 ) കട്ടിംഗ് പെർമിഷൻ തെറ്റാണെന്നു കണ്ടു റദ്ദു ചെയ്ത അവസരത്തിൽ സർക്കാർ മുതലായ തടികൾ കൃത്യ സ്ഥലത്തു ഉണ്ടായിരുന്നതും ആയതു സർക്കാർ ബന്തവസ്സിലെടുക്കേണ്ട

പ്രാഥമിക ഉത്തരവാദിത്തം ഈ കേസിന്റെ വിവരങ്ങളും വസ്തുതകളും കൃത്യമായി തത്സമയം മനസ്സിലാക്കിയിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കും ഡെപ്യൂട്ടി റെയിഞ്ചർക്കുമായിരുന്നുവെന്നും കൂടാതെ ഇപ്രകാരമുള്ള വാദഗതി കുറ്റാരോപിതരായ ഉദ്യോഗസ്ഥർ പ്രതിവാദപത്രികയിലോ ഔപചാരിക അന്വേഷണ വേളയിലോ ഉന്നയിച്ചതായി കാണുന്നില്ലെന്നും ആയതിനാൽ നഷ്ടോത്തരവാദിത്തം ശ്രീ.അശോക് രാജിനും ശ്രീ.എം.സി.ചന്ദ്രനും കുറ്റപത്രത്തിൽ പരാമർശിക്കുന്ന രീതിയിൽ ഉണ്ടെന്നു കണക്കാക്കി അന്തരനടപടികൾ സ്വീകരിക്കാവുന്നതാണെന്നും എന്നാൽ ഡെപ്യൂട്ടി റെയിഞ്ചറുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അശോക് രാജ് കട്ടിംഗ് പെർമിഷൻ അനുവദിച്ചെങ്കിലും പിന്നീട് പട്ടയം സംബന്ധിച്ച വസ്തുതകൾ മനസ്സിലാക്കിയപ്പോൾ ട്രാൻസ്പോർട്ടിങ് പെർമിറ്റ് നൽകാതിരിക്കുകയും നൽകിയ കട്ടിംഗ് പെർമിഷൻ റദ്ദ് ചെയ്യുതിനാലും ശ്രീ.അശോക് രാജിന് സംഭവിച്ച പിഴവ് ഗുരുതരമായ വീഴ്ചയായി വിലയിരുത്താൻ സാധിക്കുകയില്ല എന്ന അന്വേഷണാധികാരിയുടെ പരാമർശം അംഗീകരിക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർ ശം (8) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

6) സർക്കാർ അന്വേഷണ റിപ്പോർട്ടും മറ്റു രേഖകളും വിശദമായി പരിശോധിച്ചു മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ ശ്രീ.അശോക് രാജ് നൽകിയ കട്ടിംഗ് പെർമിറ്റുകൾ പിന്നീട് ടിയാൻ റദ്ദാക്കിയെങ്കിലും മുറിച്ചിട്ട മരങ്ങളുടെ തടികഷ്ണങ്ങൾ തദ്ദവസരത്തിൽ ബന്തവസ്സിലെടുക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്തം 28.02.2018-ൽ വിരമിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.സി.ചന്ദ്രനോ 17.07.2018 വരെ പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.അശോക് രാജോ നിർവ്വഹിച്ചിട്ടില്ലാത്തതാണ്. . കുറ്റാരോപിതരുടെ ചെയ്തിമൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നത് വാസ്തവമാണ്. ജാഗ്രതക്കുറവാണ് സർക്കാർ നഷ്ടത്തിനുള്ള വാദം എന്നത് ഉത്തരവാദപ്പെട്ട തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഉണ്ടാകാൻ പാടില്ലാത്ത സംഗതിയാണ്. സർക്കാർ നഷ്ടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ടിയാന്മാരെ ഒഴിവാക്കാൻ സാധിക്കില്ല. ശ്രീ.അശോക് കുമാറിനെതിരെയുള്ള കുറ്റം പൂർണ്ണമായും തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും ടിയാന്റെ ഭാഗത്തു നിന്നും ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി വിഷയത്തിലുള്ള സർക്കാർ നഷ്ടത്തിൽ ശ്രീ.എം.സി.ചന്ദ്ര (റിട്ട. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ)-ന്റെ ആനുപാതിക വിഹിതമായ 7,916/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാനും , ശ്രീ.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ആറുമാസത്തേയ്ക്ക് തടയാനും, സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 7,916/- രൂപ ടിയാന്റെ Pay and Allowance-ൽ നിന്നും ഈടാക്കാനും തീരുമാനിച്ചു കൊണ്ട് പരാമർശം (2) (3) പ്രകാരം ടിയാന്മാർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEETHA S LAKSHMI

UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.എം.സി.ചന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സബ് ട്രഷറി ഓഫീസർ, ഇരിഞ്ഞാലക്കുട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 29-05-2023 10:30:48